**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 368** **08-08-2023 - ൽ മറുപടിയ്ക്ക്**

**തമ്മാനിമറ്റം തൂക്ക് പാലം പുനർനിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ തമ്മാനിമറ്റം തൂക്കുപാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തിക്ക് 5.37 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | **തമ്മാനിമറ്റം തൂക്കുപാലം പുനർനിർമ്മാണ പ്രവർത്തിയുടെ സിവിൽ വർക്കുകളുടെ സാങ്കേതികാനുമതി നൽകുന്നതിനായി എസ്റ്റിമേറ്റ് കൊച്ചി കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പരിഗണനയിലാണ്. മെക്കാനിക്കൽ പ്രവർത്തികളുടെ സാങ്കേതികാനുമതി ഇറിഗേഷൻ മെക്കാനിക്കൽ വിംഗിൽ നിന്നാണ് നൽകേണ്ടത്. ആ നടപടികൾ പുരോഗമിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത പുനർനിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഇല്ല, സാങ്കേതികാനുമതി ലഭ്യമായ ശേഷം ആണ് ടെണ്ടർ നടപടികൾ നടത്താൻ സാധിക്കുക. |
| (സി) | പാലത്തിന്റെ പുനർനിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ; | (സി) | ടെണ്ടർ, എഗ്രിമെന്റ് നടപടികൾ പൂർത്തിയായാൽ 24 മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കും. |
| (ഡി) | തകർന്നു കിടക്കുന്ന തമ്മാനിമറ്റം തൂക്കുപാലം പുഴയിൽ നിന്ന് നീക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ഭരണാനുമതി ലഭിച്ച തുകയിൽ തകർന്ന തൂക്കുപാലത്തിന്റെ അവശിഷ്ടങ്ങൾ പുഴയിൽ നിന്ന് നീക്കുന്നതിനുള്ള തുകയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആയത് നീക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ